## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം **2790** 14.02.2013 -ൽ മറുപടിക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തവർ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ഇ.പി. ജയരാജൻ** | **ശ്രീ.ഷിബു ബേബി ജോൺ**<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്ത തൊഴിൽരഹിതർ എത്രയാണെന്നും സ്ത്രീകൾ എത്ര/ പുരുഷൻമാർ എത്രയെന്നും വ്യക്തമാക്കുമോ; | (എ) 44,99,374 തൊഴിൽ രഹിതർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>(പുരുഷൻമാർ -17,55,232,സ്ത്രീകൾ - 27,44.142) |
| (ബി) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്ത തൊഴിൽ രഹിതരിൽ 40 വയസ്സു കഴിഞ്ഞവർ എത്ര പേരുണ്ടെന്നും അതിൽ സ്ത്രീകൾ എത്രയെന്നും പുരുഷൻമാർ എത്രയെന്നും വ്യക്തമാക്കുമോ; | (ബി) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്ത തൊഴിൽ രഹിതരിൽ 40 വയസ്സു കഴിഞ്ഞ 9,26,734 പേർ ഉണ്ട്. (പുരുഷൻമാർ - 3,19,207, സ്ത്രീകൾ - 6,07,527) |
| (സി) ഒരു വർഷം വിവിധ വകുപ്പുകളിൽ നിന്നും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലേക്ക് ശരാശരി എത്ര തസ്തികകൾ നിയമനങ്ങൾക്കായി അറിയിക്കാറുണ്ടെന്നു വ്യക്തമാക്കുമോ; | (സി) 2010-11 സാമ്പത്തിക വർഷം 18,376 ഒഴിവുകളും 2011-12 സാമ്പത്തിക വർഷം 15,819 ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) ഏറ്റവും കുറച്ച് തസ്തികകൾ റിപ്പോർട്ട് ചെയ്യുന്ന വകുപ്പുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | (ഡി) വിവരം ശേഖരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഇ) | സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും വിവിധ സർക്കാർ ഏജൻസികളിലും വരുന്ന താൽക്കാലികവും കോൺട്രാക്റ്റ് അടിസ്ഥാനത്തിലുമുള്ള ഒഴിവുകൾ എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളിൽ റിപ്പോർട്ട് ചെയ്ത നിയമനം നടത്തണമെന്ന് കർശന നിർദ്ദേശം നൽകുന്ന നിയമനിർമ്മാണത്തിന് തയ്യാറാകുമോ? | (ഇ) | സി.എൻ.വി. ആക്റ്റ് 1959 പ്രകാരം സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും, വിവിധ സർക്കാർ ഏജൻസികളിലും വരുന്ന താത്ക്കാലികവും, കോൺട്രാക്ട് അടിസ്ഥാനത്തിലുമുള്ള ഒഴിവുകൾ നിർബന്ധമായും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ റിപ്പോർട്ട് ചെയ്യണമെന്ന വ്യവസ്ഥ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ